## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1174** **12-06-2024 - ൽ മറുപടിയ്ക്ക്**

## പെരിങ്ങത്തൂർ ടൗൺ മുതൽ നാലുതെങ്ങുവരെയുള്ള തീരദേശ റോഡിന്റെ നിലവാരമുയർത്തുന്ന പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിൽ പെരിങ്ങത്തൂർ ടൗൺ മുതൽ നാലുതെങ്ങുവരെയുള്ള തീരദേശ റോഡിന്റെ നിലവാരമുയർത്തുന്ന പ്രവൃത്തിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | പെരിങ്ങത്തൂർ ടൗൺ മുതൽ നാലുതെങ്ങ് വരെയുള്ള തീരദേശ റോഡിന്റെ ഒന്നാംഘട്ട പ്രവൃത്തി ചെയിനേജ് 0/00 മുതൽ 0/650m വരെ ജി.എസ്.ബി ഫില്ലിംഗ് നടത്തിയിട്ടുള്ളതാണ്. റോഡിന്റെ മദ്ധ്യഭാഗം പുഴയോട് ചേർന്ന് കിടക്കുന്ന ഭാഗത്ത് രണ്ടാംഘട്ട പ്രവൃത്തി നടത്തണമെങ്കിൽ ജലസേചനവകുപ്പ് മുഖാന്തിരം പുഴയോര സംരക്ഷണഭിത്തി നിർമ്മിക്കേണ്ടതുണ്ട്.<br><br>സംരക്ഷണഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് നഗരസഭാ ഭരണസമിതിയുടെ തീരുമാനം അറിയിക്കുന്നതിനായി പാനൂർ നഗരസഭയ്ക്ക് 06/06/2024 ന് ഇ1/2850/23/ഇ നമ്പർ പ്രകാരം കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ കത്ത് നൽകിയിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മിച്ചതിനുശേഷം മാത്രമേ തുടർന്നുള്ള പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത തീരദേശ റോഡിന്റെ ഒന്നാം ഘട്ട പ്രവൃത്തി 236.776 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചെങ്കിലും പുഴയോര ഭിത്തി നിർമ്മിക്കാത്തതിനാൽ റോഡ് ഏത് നിമിഷവും ഇടിഞ്ഞു വീഴുമെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. പുഴയോരസംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കേണ്ടത് ജലസേചന വകുപ്പാണ്. ഇത് സംബന്ധിച്ച് നഗരസഭാ ഭരണസമിതിയുടെ തീരുമാനം അറിയിക്കുന്നതിനായി പാനൂർ നഗരസഭയ്ക്ക് ഹാർബർ എൻജിനീയറിംഗ് വകുപ്പിൽ നിന്നും കത്തുകൾ നൽകിയിട്ടുണ്ട്. പുഴയോരസംരക്ഷണ ഭിത്തി നിർമ്മിക്കുന്ന മുറയ്ക്ക് മാത്രമേ തുടർന്നുള്ള പ്രവൃത്തികൾ നടത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ